# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

**(ആരോഗ്യവും കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ)**

തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം - 14

(ഫോൺ : 0471 2945600, 2945671, 2945764)

## വെയർഹൗസ് ആവശ്യമുണ്ട്

**ദർഘാസ് നം. കെ.എം.എസ്.സി.എൽ/ഭരണം/10421/2025 തീയതി -** 13.10.2025

**A ആമുഖം :**

1. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ എറാണുകുളം ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി ജില്ലാ മരുന്ന് സംഭരണശാലക്കായി മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

2. കേരള സർക്കാരിന്റെ ഇ-ദർഘാസ് പോർട്ടൽ ഉപയോഗിച്ച് ഓൺലൈനായി 2 ബിഡ് രീതിയിലാണ് ദർഘാസ് അപേക്ഷ സമർപ്പിക്കേണ്ടത്.

3. ഇ-ദർഘാസ് പോർട്ടൽ രൂപകല്പ്പന ചെയ്തിരിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) ആണ്, കേരള സർക്കാർ സ്ഥാപനമായ ഐ.ടി.മിഷൻ ഉപയോക്താക്കൾക്ക് വേണ്ട പിന്തുണ നല്കുന്നു. www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ദർഘാസ് രേഖ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷകന് നിരതദ്രവ്യ തുക ഇ-ദർഘാസ് പോർട്ടൽ മുഖേന നല്കാവുന്നതും, മറിച്ചെങ്കിൽ ആദ്യഘട്ടത്തിൽ തന്നെ ദർഘാസ് അപേക്ഷ തിരസ്കരിക്കുന്നതുമാണ്.

4. ദർഘാസ് സമർപ്പണത്തിന് വേണ്ട എല്ലാ രേഖകളും ഓൺലൈനായി കേരള സർക്കാറിന്റെ ഇ-ദർഘാസ് പോർട്ടലായ www.etenders.kerala.gov.in മുഖേനയാണ് സമർപ്പിക്കേണ്ടത്. എല്ലാ അപേക്ഷകരും ഇ-ദർഘാസ് പോർട്ടലിൽ പേര് ചേർക്കേണ്ടതും, ഡിജിറ്റൽ ഒപ്പ് കൈവശപ്പെടുത്തേണ്ടതുമാണ്.

**B. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ആവശ്യമായ കെട്ടിടം | ടെണ്ടർ വില ₹ | നിരതദ്രവ്യം ₹ | കരുതൽധന തുക ₹ |
|---|---|---|---|
| വെയർ ഹൌസ് കെട്ടിടം | 17,558/- (ജി.എസ്.ടി. ഉൾപ്പെടെ) | 99,199/- | കരാറിന്റെ മൊത്തത്തുകയുടെ 5% (വിജയിച്ച ദർഘാസ് അപേക്ഷകൻ നൽകേണ്ടത്) |

**ദർഘാസിന്റെ സമയപട്ടിക**

| | | |
|---|---|---|
| 1. | ദർഘാസ് പ്രകാശനം | 15/10/2025, 10.00 മണിയ്ക്ക് |
| 2. | ഓൺലൈൻ ദർഘാസ് സമർപ്പണം ആരംഭിക്കുന്ന തിയ്യതി | 15/10/2025,10.00 മണിയ്ക്ക് |
| 3. | ഓൺലൈൻ ദർഘാസ് സമർപ്പണം അവസാനിക്കുന്ന തിയ്യതി | 31/10/2025, 6.00 മണിയ്ക്ക് |
| 4. | ഓൺലൈൻ ദർഘാസ് തുറക്കൽ- 1-)0 ഘട്ടം (രേഖകളുടെ പരിശോധന) | 03/11/2025, 11.00 മണിയ്ക്ക് |
| 5. | ഓൺലൈൻ ദർഘാസ് തുറക്കൽ- 2-)0 ഘട്ടം (തുക) | 1-)0 ഘട്ടം വിജയകരമായി പൂർത്തി യാക്കിയവരെ അറിയിക്കുന്നതാണ് |

നിരതദ്രവ്യം സമർപ്പിക്കാത്ത ദർഘാസ് അപേക്ഷ ആദ്യഘട്ടത്തിൽ തന്നെ തിരസ്കരിക്കുന്നതാണ്. ദർഘാസ് പ്രകിയ പൂർത്തിയാകുന്ന മുറയ്ക്ക് പലിശരഹിത നിരതദ്രവ്യം ഓൺലൈനായി തിരികെ നല്കുന്നതാണ്.

**B കരാർ വ്യവസ്ഥകൾ** :

1. കരാർ കാലാവധി ആദ്യം 3 വർഷത്തേക്കും പിന്നീട്

പുതുക്കി നൽകുന്നതാണ്. കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഇരു കക്ഷികൾക്കും സമ്മതമാണെങ്കിൽ കരാർ പുതുക്കി നൽകുന്നതാണ്.

2. തെരഞ്ഞെടുക്കപ്പെടുന്ന ദർഘാസുകാരൻ കോർപ്പറേഷനുമായി, കരാർ ലഭിക്കുന്നപക്ഷം, ഒരു സമ്മതപത്രം ഒപ്പുവയ്ക്കേണ്ടതും, കോർപ്പറേഷനുമായി കരാറിലേർപ്പെടേണ്ടതും ടിയാൾ സമർപ്പിച്ചിട്ടുള്ള നിരതദ്രവ്യം 99,199/- രൂപ തിരികെ നൽകുന്നതും ഓഫർ ചെയ്യുന്ന തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതുമാണ്..

3. ഒരിക്കൽ കോർപ്പറേഷനുമായി അംഗീകരിച്ചിട്ടുള്ള കരാർ / വ്യവസ്ഥകൾ, കരാർ തുക എന്നിവ കരാർ കാലയളവിൽ പാലിക്കപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം നോട്ടീസ് കൂടാതെ കരാർ റദ്ദ് ചെയ്യാനുള്ള അധികാരം കോർപ്പറേഷനുണ്ടായിരിക്കും.

4. കരാർ കാലയളവിൽ 1 മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അവകാശം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്. കരാർ കാലയളവിൽ കെട്ടിടം ഉടമയ്ക്ക് കെട്ടിടം തിരികെ ആവശ്യമാകുന്നപക്ഷം ചുരുങ്ങിയത് 3 മാസം മുമ്പ് കോർപ്പറേഷനെ അറിയിക്കേണ്ടതാണ്.

5. ചതുരശ്രഅടിക്ക് നൽകിയിരിക്കുന്ന തുകയ്ക്ക് പുറമേ അനുവദനീയമായ ഗുഡ്സ്&സർവ്വീസ് ടാക്സ് കോർപ്പറേഷൻ നൽകുന്നതാണ്. നിയമപ്രകാരമുള്ള ടി.ഡി.എസ്. കെട്ടിട ഉടമ നൽകേണ്ടതാണ്.

6. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ കോർപ്പറേഷൻ നൽകുന്നതാണ്.

7. കെട്ടിട നികുതി, ഭൂനികുതി തുടങ്ങി കെട്ടിടവുമായി ബന്ധപ്പെട്ട നികുതികൾ കെട്ടിട ഉടമ കൃത്യമായി അടക്കേണ്ടതാണ്.

8. മരുന്ന് സംഭരണശാലയ്ക്ക് അനുയോജ്യമായ രീതിയിൽ, കോർപ്പറേഷൻ അധികാരികൾ ആവശ്യപ്പെടുന്ന പ്രകാരം കെട്ടിടം സജ്ജീകരിച്ച് നൽകേണ്ടതാണ്. കെട്ടിടത്തിന് ഫയർ ആൻഡ് സേഫ്റ്റി എൻഒസി കെട്ടിട ഉടമ എടുത്തു നൽകേണ്ടതാണ്. അറ്റകുറ്റപ്പണികൾ, പെയിന്റിംഗ് തുടങ്ങി കെട്ടിടവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട കാര്യങ്ങൾ അതാത് കാലയളവിൽ കെട്ടിട ഉടമ നിർവ്വഹിക്കേണ്ടതാണ്.

9. തുടക്കത്തിൽ 3 വർഷത്തേയ്ക്ക് ആയിരിക്കും കരാറിൽ ഏർപ്പെടേണ്ടത്. തുടർ കരാർ പുതുക്കുന്ന കാലയളവിൽ മാത്രമേ കെട്ടിടം ഉടമയ്ക്ക് വാടക വർദ്ധനവ് ആവശ്യപ്പെടുവാനുള്ള അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരു വർഷം അനുവദിക്കാവുന്ന പരമാവധി വാടക വർദ്ധനവ് 5% ആയിരിക്കും.

10. കാലപ്പഴക്കം മൂലമോ, നിർമ്മാണത്തിന് ഉപയോഗിച്ച

വസ്തുക്കളുടെ നിലവാരക്കുറവ് മൂലമോ കെട്ടിടത്തിനുണ്ടാകുന്ന കേടുപാടുകൾക്ക് കോർപ്പറേഷൻ ഉത്തരവാദിയല്ല.

11. ലിഫ്റ്റുകളുടേയും, കെട്ടിടവുമായി ബന്ധപ്പെട്ട് ഉടമയുടേതായ മറ്റ് വസ്തുക്കളുടേയും AMC കാര്യങ്ങൾ കെട്ടിട ഉടമ നിർവ്വഹിക്കേണ്ടതാണ്.

12. ടി. കെട്ടിടത്തിന്റെ ബിൽഡിംഗ് നമ്പറിന്റെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടമാണെങ്കിൽ, പണി പൂർത്തിയാകുന്ന മുറയ്ക്ക് (പരമാവധി 1 മാസത്തിനകം) ബിൽഡിംഗ് നമ്പർ എടുത്തു തരേണ്ടതാണ്.

**C. കെട്ടിടം സംബന്ധിച്ച് :**

1. കെട്ടിടം എറണാകുളം ജില്ലയുടെ പരിധിയിൽ ആകേണ്ടതാണ്.

2. കെട്ടിടം വൈദ്യുതി (3 ഫേസ് കണക്ഷൻ), വെള്ളം, ടെലിഫോൺ സൗകര്യങ്ങളോടുകൂടിയതും, കണ്ടെയ്നർ / ട്രെയിലർ വാഹനങ്ങൾക്ക് കടന്നു വരാവുന്ന രീതിയിൽ ചുരുങ്ങിയത് 6 മീറ്റർ വീതിയിൽ റോഡ് സൗകര്യത്തോടുകൂടിയതും ആയിരിക്കണം.

3. കെട്ടിടത്തിന്റെ ഉപയോഗയോഗ്യമായ സ്ഥലം, ഒരു നിലയിലോ, ബഹുനിലകളിലോ ആയി 15,000 ചതുരശ്രഅടിയിൽ കുറയാത്തതും ഒരു കോമ്പൗണ്ടിനുള്ളിലുമായിരിക്കണം

4. പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ, ഗെയ്റ്റ്, ടോയ്ലെറ്റ് (Ladies& Gents),, ഡൈനിംഗ് റൂം, സെക്യൂരിറ്റി ഔട്ട്പോസ്റ്റ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

5. കെട്ടിടത്തിന്റെ പ്ലാൻ, ലേ-ഔട്ട്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, വാട്ടർ അതോറിറ്റി / വൈദ്യുതി ബോർഡ് എന്നിവയിൽ നിന്നുള്ള ബില്ലുകൾ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടമാണെങ്കിൽ പണി പൂർത്തിയാകുന്ന മുറയ്ക്ക് (പരമാവധി ഒരു മാസത്തിനുള്ളിൽ) ടി.രേഖകൾ ഹാജരാക്കിക്കൊള്ളാമെന്ന സത്യവാങ്മൂലം ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

6. കെട്ടിടത്തിന്റെ മേൽക്കൂര റൂഫ് ഷീറ്റ് ആണെങ്കിൽ ജിപ്സം ബോർഡ്, ഫാള്സ് സീലിംഗ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് /ഷീറ്റ് റൂഫ് ചോർച്ചയുണ്ടാകാത്ത രീതിയിൽ സജ്ജീകരിക്കേണ്ടതാണ്.

7. മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുവാനുള്ള സാഹചര്യം കെട്ടിടത്തിന്റെ ചുറ്റുപാടുകളിൽ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. കെട്ടിടത്തിനുള്ളിൽ താപനില നിയന്ത്രിക്കുവാനുള്ള സജ്ജീകരണങ്ങൾ (ഫാൾസീലിംഗ്) ഉണ്ടായിരിക്കേണ്ടതാണ്. Room temperature - Below 25₀C

9. ട്രോളികളുടെ ഉപയോഗത്തിന് അനുയോജ്യമായ രീതിയിൽ ഫ്ളോറിംഗ് ചെയ്യേണ്ടതാണ്.

10. കെട്ടിടത്തിനുള്ളിൽ താപനില നിയന്ത്രിക്കുവാനാനവശ്യമായ എക്സ്ഹോസ്റ്റ് ഫാനുകൾ പിടിപ്പിച്ചു തരേണ്ടതാണ്.

11. കെട്ടിടത്തിനുള്ളിൽ ആവശ്യമായ ലൈറ്റുകൾ / പ്ലഗ് പോയിന്റുകൾ, പവർ പ്ലഗ്ഗുകൾ ചെയ്തു തരേണ്ടതാണ്.

12. കെട്ടിടത്തിനുള്ളിൽ ഓഫീസ് റൂമും (500 ചതുരശ്രഅടി) ഹൈവാല്യു റൂം (1000 ചതുരശ്രഅടി) വേർതിരിച്ച് തരേണ്ടതാണ്.
13. കെട്ടിടത്തിനുള്ളിൽ റാക്ക്, ലിഫ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകേണ്ടതാണ്.
14. കോംപൗണ്ടിനുള്ളിൽ ജനറേറ്റർ സ്ഥാപിക്കുവാനുള്ള അനുമതി നൽകേണ്ടതാണ്.
15. മരുന്നു ഗോഡൗണിന് ആവശ്യമായ അഗ്നിശമന സൗകര്യത്തിനുള്ള പണികൾ ചെയ്തു തരേണ്ടതാണ്.

**D. ദർഘാസുകൾ സമർപ്പണം:**

ദർഘാസ് സമർപ്പണം പൂർണ്ണമായും ഇ-ടെൻഡർ പോർട്ടൽ മുഖാന്തിരമാണ് നടത്തേണ്ടത്. ദർഘാസ് സമർപ്പണത്തിന് 2 ഘടനകളാണ് ഉള്ളത്, (I) ടെക്നിക്കൽ ബിഡ് & (II)ഫിനാൻഷ്യൽ ബിഡ്.

ടെക്നിക്കൽ ബിഡ് - ന്റെ കൂടെ സമർപ്പിക്കേണ്ട രേഖകൾ

1. പൂർണ്ണമായി പുരിപ്പിച്ച ബിഡർ ഒപ്പ് വച്ച അപേക്ഷാ ഫോറം. (അനുബന്ധം ഒന്ന് കാണുക)
2. കെട്ടിടത്തിന്റെ പ്ലാൻ, ലേ-ഔട്ട്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, വാട്ടർ അതോറിറ്റി / വൈദ്യുതി ബോർഡ് എന്നിവയിൽ നിന്നുള്ള ബില്ലുകൾ ദർഘാസിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.
3. ദർഘാസിന്റെ മത്സരസ്വഭാവം പരമാവധി ഉറപ്പുവരുത്തുന്നതിനായി ഒന്നാം ഘട്ടമായ സാങ്കേതിക ബിഡിൽ സമർപ്പിച്ചിട്ടുള്ള രേഖകളുടെ ചെറിയ പിഴവുകൾ പരിഹരിക്കുവാൻ അവസരം നൽകുന്നതാണ്. എന്നാൽ ദർഘാസ് പ്രകാരം അവശ്യം ഹാജരാക്കേണ്ട രേഖകൾ സമർപ്പിക്കുവാൻ പരാജയപ്പെട്ടാൽ പ്രസ്തുത അപേക്ഷ തള്ളിക്കളയുന്നതാണ്.

- പൂർണ്ണമായി പൂരിപ്പിച്ച, ബിഡ്ഡർ ഒപ്പു വെച്ച അപേക്ഷാ ഫോറം., അഡ്രസ് പ്രൂഫ്, എന്നിവ സമർപ്പിക്കാത്ത ബിഡ്ഡുകൾ നിരസിക്കുന്നതാണ്.
- അപൂർണ്ണവും അവ്യക്തവും ആശങ്ക ജനിപ്പിക്കുന്നതുമായ രേഖകൾ ഹാജരാക്കുന്ന പക്ഷം ടെൻഡർ നിരസിക്കുന്നതാണ്.

1. നിരതദ്രവ്യമായ (Earnest Money Deposit) ₹99,200/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി ഇരുന്നൂറ് മാത്രം) ഇ-ടെൻഡർ പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതും, അല്ലാത്തപക്ഷം, ആദ്യ റൗണ്ടിൽ തന്നെ ദർഘാസ് അപേക്ഷ തിരസ്കരിക്കപ്പെടുവാനുള്ള പ്രധാനപ്പെട്ട കാരണമാവുകയും ചെയ്യും.

2. ഇ-ദർഘാസ് പോർട്ടലിൽ ലഭ്യമായിട്ടുള്ള പ്രൈസ് ബിഡ് മാതൃക ഫയൽ (BOQ) ഡൗൺലോഡ് ചെയ്ത്, വാഗ്ദാനം ചെയ്യുന്ന തുക രേഖപ്പെടുത്തി അപ്ലോഡ് ചെയ്യേണ്ടതുമാണ്. മറ്റേതെങ്കിലും ഫയലിൽ സമർപ്പിക്കുന്ന പ്രൈസ് ബിഡ് കണക്കിലെടുക്കാതിരിക്കുകയും, താരതമ്യം ചെയ്യുന്നതിനോ പട്ടിക തയ്യാറാക്കുന്നതിനോ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നതായിരിക്കും. മേല് പ്രസ്താവിച്ചിരിക്കുന്നതു പോലെ ടെക്നിക്കൽ ബിഡ്- ന്റെ കൂടെ സമർപ്പിച്ചിരിക്കുന്ന രേഖകളുടെ പരിശോധനക്ക് ശേഷം യോഗ്യരെന്ന് കണ്ടെത്തിയവരുടെ പ്രൈസ് ബിഡ് മാത്രമേ തുറക്കുന്നതിന് പരിഗണിക്കുകയുള്ളൂ.

3. കരാർ ലഭിക്കുന്നയാൾ ആയതിൽ നിന്നും പിൻമാറുകയോ കരാർ സ്വീകരിക്കാൻ വിസമ്മതിക്കുയോ ചെയ്താൽ നിരതദ്രവ്യ തുക കോർപ്പറേഷൻ വസൂലാക്കുന്നതായിരിക്കും. തെറ്റായ വസ്തുതകൾ നൽകുകയോ, വ്യാജ നിർമ്മിതമായ രേഖകൾ ഹാജരാക്കുകയോ, ദർഘാസ് തുറന്നതിനു ശേഷം ദർഘാസിൽ നിന്നും പിൻമാറുകയോ ചെയ്താലും നിരതദ്രവ്യ തുക കോർപ്പറേഷൻ വസൂലാക്കുന്നതായിരിക്കും.

4. ദർഘാസ് അപേക്ഷകൾ അംഗീകരിക്കുവാനോ, നിരാകരിക്കുവാനോ, ദർഘാസ് റദ്ദു ചെയ്യുവാനോ ഉള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.

5. ദർഘാസിൽ വിജയിച്ച ബിഡ്ഡർമാർക്ക് കോർപ്പറേഷൻ കരാറിലേർപ്പെടുവാൻ താൽപ്പര്യം പ്രകടിപ്പിച്ച് കത്ത് അയയ്ക്കുന്നതാണ്. ആ കത്ത് നൽകി 7 ദിവസത്തിനു ശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡി.ഡി./ബാങ്ക് ട്രാൻസ്ഫർ മുഖേനയോ കോർപ്പറേഷനിൽ അടയ്ക്കേണ്ടതും, ഉടമ്പടിയിൽ ഒപ്പ് വയ്ക്കേണ്ടതും, സേവനം ആരംഭിക്കേണ്ടതുമാണ്.

6. ഉടമ്പടിയെ സംബന്ധിച്ചുള്ള കത്തിടപാടുകളെല്ലാം ഉടമ്പടിയിൽ സൂചിപ്പിച്ചിട്ടുള്ള മേൽവിലാസത്തിലായിരിക്കും നടത്തേണ്ടത്.

7. കരാർ കാലയളവിൽ യാതൊരു കാരണവശാലും ഉടമ്പടി പ്രകാരമുള്ള തുകയ്ക്ക് മാറ്റം വരുത്തുന്നതല്ല.

8. എല്ലാ നികുതികളും ഉൾപ്പെടെ എന്നാൽ ജി.എസ്.ടി. ഒഴികെയാണ് നിരക്ക് രേഖപ്പെടുത്തേണ്ടത്.

9. അനുയോജ്യമായ കെട്ടിടം തെരഞ്ഞെടുത്ത് കരാർ നൽകിയതിനുശേഷം ടെണ്ടറിൽ പങ്കെടുത്തവർക്ക് അവർ സമർപ്പിച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷൻ തിരികെ നൽകുന്നതാണ്.

10. അപേക്ഷയോടൊപ്പം കെട്ടിടത്തിന്റെ ഫോട്ടോ (മുമ്പിൽ നിന്നും

വശങ്ങളിൽ നിന്നും പുറകിൽ നിന്നും എടുത്തിട്ടുള്ളത്) അപ്പ്ലോഡ് ചെയ്യണം.

11. മുകളിൽ പറഞ്ഞ പ്രകാരം നൽകുന്ന കവർ-എ യിലെ രേഖകൾ പരിശോധിച്ചതിനുശേഷം, ആവശ്യമെങ്കിൽ, സ്ഥലപരിശോധന നടത്തിയതിനുശേഷം മാത്രമേ സ്വീകാര്യമായ കെട്ടിടങ്ങൾക്ക് വേണ്ടിയുള്ള പ്രൈസ് ബിഡ് തുറന്ന് പരിശോധിക്കുകയുള്ളൂ.

12. ദർഘാസ് റദ്ദാക്കുന്നതിനുള്ള അധികാരം പൂർണ്ണമായും മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

## E ദർഘാസുകളുടെ മൂല്യനിർണ്ണയം:

1. ഓൺലൈനായി സമർപ്പിച്ചിട്ടുള്ള ബിഡുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
2. അപൂർണ്ണമായിട്ടുള്ള അപേക്ഷകൾ തിരസ്കരിക്കുന്നതാണ്.
3. ദർഘാസ് പ്രക്രിയയിലുടനീളം സുതാര്യത നിലനിർത്തുന്നതിലേയ്ക്കായി ഉചിതമായ സമയത്ത് ഇ-ടെൻഡർ പോർട്ടലിലോ, കോർപ്പറേഷന്റെ വെബ്സൈറ്റിലോ താഴെ പറയുന്ന അറിയിപ്പുകൾ ദർഘാസ് അധികാരി പ്രസിദ്ധീകരിക്കുന്നതായിരിക്കും.
4. ദർഘാസ് നോട്ടീസ്, രേഖ, പരിഷ്കരണം, തിരുത്തൽ, അനുബന്ധം മുതലായവ
5. ടെക്നിക്കൽ ബിഡ് -ന് ശേഷം യോഗ്യത നേടിയവരുടെ അവസാന പട്ടിക
6. ഓൺലൈൻ പ്രൈസ് ബിഡ് തുറന്നതിന്റെ സംഗ്രഹം.
7. ദർഘാസ് പൂർത്തിയാകുന്നത് വരെ ദിവസേന കോർപ്പറേഷന്റെ വെബ്സൈറ്റോ, ഇ-ദർഘാസ് പോർട്ടലോ മേല്പ്പറഞ്ഞവയ്ക്കായി പരിശോധിക്കേണ്ടതാണ്. ദർഘാസ് അധികാരിയോ അദ്ദേഹം ചുമതലപ്പെടുത്തിയ പ്രതിനിധികളോ ടെക്നിക്കൽ ബിഡ്, പ്രൈസ് ബിഡ് എന്നിവ ഓൺലൈനായി നിശ്ചിത ദിവസം തുറന്ന് പരിശോധിക്കുന്നതാണ്. രജിസ്റ്റേർഡ് ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് ദർഘാസ് അപേക്ഷകർ/പ്രതിനിധികൾ ഇ-ദർഘാസ് പോർട്ടലിൽ പ്രവേശിച്ച് ഓൺലൈൻ ബിഡ് തുറക്കലിൽ സംബന്ധിക്കാവുന്നതാണ്. ടെക്നിക്കൽ/പ്രൈസ് ബിഡ് തുറക്കുന്നതിനായി കോർപ്പറേഷന്റെ ഓഫീസിൽ ദർഘാസ് അപേക്ഷകരോ അവരുടെ പ്രതിനിധികളോ എത്തേണ്ടതില്ല. ആവശ്യമായ രേഖകൾ ഉണ്ടാവാതിരിക്കുകയോ, അവശ്യം വേണ്ട യോഗ്യതകൾ ഇല്ലാത്തതിനാൽ അയോഗ്യരാവുകയോ ചെയ്താൽ, ദർഘാസ് അപേക്ഷ തിരസ്കരിക്കുന്നതായിരിക്കും. എന്നിരുന്നാലും, അവസാന റൗണ്ട് വരെയും പരമാവധി മത്സരം

ഉറപ്പുവരുത്തുന്നതിലേക്കായി രേഖകൾ സമർപ്പിച്ചിട്ടുള്ളതിലെ ചെറിയ പിഴവുകൾ തിരുത്തുന്നതിന് അവസരം നല്കുന്നതായിരിക്കും. ഇ-ദർഘാസ് പോർട്ടലിൽ വ്യക്തമാക്കിയിരിക്കുന്ന രീതിയിലും മാതൃകയിലും പ്രസക്തമായ രേഖകൾ യഥാവിധി അപ്ലോഡ് ചെയ്യേണ്ട ഉത്തരവാദിത്തം ദർഘാസ് അപേക്ഷകനിൽ നിക്ഷിപ്തമായിരിക്കും. ഓൺലൈൻ ബിഡ് സമർപ്പിക്കുന്ന വേളയിൽ സംഭവിക്കുന്ന തെറ്റുകൾക്കും പിശകുകൾക്കും ദർഘാസ് അധികാരി ഉത്തരവാദിയായിരിക്കുകയില്ല.

**F. തർക്ക പരിഹാരം**

1. ഉടമ്പടി സംബന്ധിച്ച് എന്തെങ്കിലും തർക്കമോ/ അഭിപ്രായ വ്യത്യാസമോ ദർഘാസ് അധികാരിയും കരാറുകാരനും തമ്മിൽ ഉണ്ടാവുകയാണെങ്കിൽ, പരസ്പര കൂടിയാലോചനയിലൂടെ സൗഹാർദ്ദപരമായി പരിഹരിക്കുവാനുള്ള എല്ലാ ശ്രമവും ഇരുകൂട്ടരുടെയും ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്.

Sd/-
Dr. Vinay Goyal IAS

മാനേജിംഗ് ഡയറക്ടർ